സ്ത്രീത്വത്തിന്റെ സിംഹനാദം

തോട്ടയ്ക്കാട്ട് ഇക്കാവമ്മ പഴയമട്ടിൽ ഒരു നാടകമെഴുതിയപ്പോഴും ഒരുതരം അവശതാബോധം അവർക്കുണ്ടായിരുന്നു, ഉള്ളിന്റെ ഉള്ളിൽ. അതുകൊണ്ടാവണം ഒട്ടും പരിഭ്രമിക്കാനില്ല പല രംഗത്തും ഒറ്റയ്ക്കും തറയ്ക്കും പയറ്റി വിജയം വരിച്ച സ്ത്രീകളുടെ പട്ടിക താൻ ഓമ്മിക്കുന്നതായി ആശ്വാസംകൊണ്ടതു്. "ഭാവസമരം ചെയ്തില്ലെങ്കിൽ തേർ തെളിച്ചില്ലേ പണ്ട് സുഭദ്രാപാരിതു ദ്രോണരെന്നില്ലെ വിക്ടോറിയാ" എന്നെല്ലാം തെളിവുകൾ പറഞ്ഞതു. എന്നാൽ പുരുഷന്റെ ബലം സ്ത്രീയാണു; അവരെ അബലകളെന്നു വിവരക്കേടു പറയുന്നവല്ലോ എന്നു മനുഷ്യന്റെ കഥയില്ലായ്മയുടെ മുഖത്തു തോണ്ടി പാടിയതു ആറേഴ പുരുഷന്മാരുടെ, മോശക്കാരല്ലാത്ത പുരുഷകേസരികളുടെ ജ്യേഷ്ഠ സഹോദരിയായി വളർന്ന ലളിതാംബികാ അന്തർജനമാണു്. അവരുടെ ആദ്യ കവിതാ സമാഹാരം അവതരിപ്പിച്ചതു് സി. എസ്. സുബ്രഹ്മണ്യൻ പോറ്റിയും അതേ മഹാകവി കുമാരനാശാന്റെ വീണപൂവിന്റെ യഥാർത്ഥമഹത്വം ഒരവതരണക്കുറിപ്പോടെ ഭാഷാപോഷിണി മാസികയിൽ എഴുത്തുകാട്ടിയ സി. എസ്. തന്നെ. ആ സമാഹാരത്തിലെ ഒരു പദ്യത്തിന്റെ തലക്കെട്ടു് 'പുരുഷന്റെ ബലം' എന്നായിരുന്നു. പുരുഷന്റെ ഇന്നത്തെ ബലം മാത്രമല്ല ഭാവിബലം രൂപപ്പെടുത്തുന്നതും സ്ത്രീകളുടെ കരങ്ങളാണെന്നു് അവർ തറപ്പിച്ചെഴുതി. "കുമാരനാവേതി" എന്ന പ്രമാണമുള്ളതുകൊണ്ടു അവർക്കു് പിശുക്കു പറ്റില്ല. ഏതാണ്ടതുതന്നെ ശക്തിയായി സ്ത്രീത്വത്തിനുവേണ്ടി സിംഹനാദം മുഴക്കിയ വനിതാരത്നം ഉത്തരകേരളത്തിലുണ്ടെങ്കിൽ അതു കടത്തനാട്ടു് മാധവിഅമ്മയാണു്.

ഞാൻ ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്തു് അവർ കോട്ടയ്ക്കൽ സാഹിത്യ പരിഷത്തു സമ്മേളനത്തിൽ (1164 ധനു 16നു ഞായറാഴ്ച) മൂന്നാം യോഗത്തിൽ വായിച്ച 'കൈരളീ പ്രാർത്ഥന' ഇന്നും എന്റെ ശ്രവണപുടങ്ങളിൽ അനുരണനം ചെയ്യുന്നു. സമ്മേളന സംഘാടകൻ കവികുലഗുരു പി. വി. കൃഷ്ണവാരിയരുടെ ജീവചരിത്രമെഴുതേണ്ടിവന്ന ഞാൻ കൈരളീ പ്രാർത്ഥനയിലെ അന്ത്യഭാഗം ഉദ്ധരിക്കാം.

പ്രൊഫ: **സി. കെ. മൂസത്**

കൈതൊഴുന്നേൻ കൈരളീ നിൻ
കാമ്യമാകും 'കാലടി'ക്ക
കൈതൊഴുന്നേൻ കൈതൊഴുന്നേൻ
കാരുണ്യാംബുധേ
ഉത്സാഹികളാകും മാനസ്യ വത്സന്മാ
രൊരുക്കിയോരീ
സത്സഭയിൽ വത്സലനീ യാസന
സ്ഥയായ്
സ്മേരസുന്ദരാനനയായ് ചാരുനേ
ത്ര ചലനത്താൽ
സൈരമിസ്സഹോന്തരത്തെ തുക്കൺ
പാക്കുന്നു!
ഭേദീയ തനയന്മാർ ഭുവന മോഹ
നങ്ങളാം
കവന സൂനങ്ങളാൽ നിൻ കഴൽ
പൂജിപ്പൂ
തങ്കക്കാൽച്ചിലമ്പൊലിയും
കങ്കണകാണവും പൂണ്ട
ശങ്കാപേതം വന്നുനിൻതൃപ്പൊങ്കാൽ
പൂജിപ്പാൻ
പെണ്മക്കളെക്കാന്മീലേറെയമ്മ
പെറുന്നതൊക്കയും
ഉണ്മപൂണ്ട മാണ്മക്കളേ
മാത്രമാകുമോ?
പുത്രരുണ്ടെന്നാകിലും സൽപുത്രി
മാരില്ലാതിരുന്നാൽ
കഷ്ടമേ കുടുംബത്തിനു
പുഷ്ടികൂടുമോ?
വെച്ചുവിളമ്പാനും വീട്ടിൽ
സ്വച്ഛത പുലർത്തുവാനും
സച്ചരിത്ര മാരാകും നൽ
പുത്രിമാർ വേണ്ടേ!
അമ്പെഴും സഹോദരീമാർ
തൻപാവനഗാനം കേൾപ്പാൻ
ഇമ്പമുണ്ടായ് വരാമമ്മേ!
നിൻ പുത്രന്മാക്കും
ആറുനോറു തപം ചെയ്ക
തെറ്റാതെ പെൺമക്കളേയും
പെറുകാണ്മാൻ കൈരളീ നീ
ക്കുറ്റം കൂടാതേ
കൈതൊഴുന്നേൻ കൈരളിനിൻ
കാമ്യമാകും 'കാലടി'ക്ക
കൈതൊഴുന്നേൻ കൈതൊഴുന്നേൻ
കാരുണ്യാംബുധേ'

ഇതിലെ ഒന്നാം ഭാഗത്തു കാലടി ശങ്കര ഭഗവദ്പാദരെ ഭക്തിപൂർവ്വം സ്മരിക്കുന്നുണ്ട്. പുനം തൊട്ടു തുഞ്ചനും കുഞ്ചനും ഉൾപ്പെടുന്ന പ്രാചീന കവികളേയും കേരള കാളിദാസൻ, കേരളവ്യാസൻ, ഉള്ളൂർ, വള്ളത്തോൾ തുടങ്ങിയവരെയും ആദരപൂർവ്വം സ്മരിക്കുന്നുണ്ട്. ഉള്ളൂർ ആ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. കൈരളിയുടെ ആഭരണങ്ങളും ഗദ്യപദ്യരൂപത്തിൽ നിബന്ധിച്ചവയെല്ലാം ശ്ലാഘനീയങ്ങളും തന്നെ.

കൈരളീ നീ വിളങ്ങുന്നു കേരളീയ
ഭൂരിഭോഗ
നാരിമാർ തൻമുടിയിങ്കൽ
ചാരുതാമായ്

പ്രാർത്ഥനയുടെ രണ്ടാംഭാഗത്തിൽ പറയുന്ന കൈരളിയുടെ സംസ്കൃതവും തമിഴും ഒന്നുപോലെ ആദരണീയമാണെന്നു്. ആരാണു പെറ്റമ്മ? ആരാണു് പോറ്റമ്മ? എന്ന വാദത്തിൽ സമയദുർവ്യയം ചെയ്യേണ്ട കാര്യമില്ല.

പെറ്റമ്മതൻ രക്തഗുണം,
പോറ്റിയോരാം തൻ ശീലഗുണം
പെറ്റുമിക്കടപ്പാടാക്കാ, നോക്കാ
തൊക്കുമോ?
രണ്ടുപേരുമെനിക്കുതുല്യരായ്തു, കണ്ട
വേണ്ടാതനം തോണ്ടി നിങ്ങളാ
ശണ്ഠകൂടേണ്ട.

ഇക്കാര്യമാണു് തുക്കണ്ണിളക്കംകൊണ്ട

(ശേഷം 122ാം പേജിൽ)

8-ാം പേജിന്റെ ബാക്കി

കൈരളീമാതാവു അത്ഥമാക്കുന്നതെന്നു് സൂചിപ്പിച്ചശേഷമാണു് മുമ്പുദ്ധരിച്ച മൂന്നാംഭാഗത്തിലേക്കു കവയിത്രി പ്രവേശിക്കുന്നതു. എന്തായാലും സ്ത്രീകം സാഹിത്യത്തിൽ അർഹതപ്പെട്ട സ്ഥാനത്തിലെത്തണമെന്ന ആഹ്വാനമാണു് ധനുമാസത്തിലെ തിരുവാതിരക്കാലത്തു മാധവിഅമ്മ ഇരുപതു വയസ്സുള്ളപ്പോഴും കോട്ടയ്ക്കൽ ഉദ്ഘാനം ചെയ്തതു്. അതിന്റെ അറുപതാം വർഷത്തിലേക്കു് കടക്കുന്ന സമയത്തു തപസ്യ മാധവി അമ്മയെ ആദരിക്കാൻ തീരുമാനിച്ചതു ശ്രദ്ധേയമായി, സംശയമില്ല.

ആദ്യകാലത്തു കോട്ടയ്ക്കൽ കവന കൗമുദിയിലും പിന്നീടു് 'മാതൃഭൂമി' ആഴ്ചപ്പതിപ്പിലും സ്ത്രീത്വത്തിനുവേണ്ടി ശബ്ദമുയർത്തിയ ശൂലികയായിരുന്ന മാധവി അമ്മയുടേതു സ്ത്രീത്വത്തിന്റെ ആദർശമുദ്രമായ ഒരു വശം വെളിപ്പെടുത്തുന്ന കവിത കവന കൗമുദിയുടെ (1110ചിങ്ങം) ലക്കത്തിൽ കൊടുത്തിരുന്നതിന്റെ ശീർഷകം ''ഒരു ധീരയുവാവു്'' എന്നായിരുന്നു. യുവാവു് ദരിദ്രനെങ്കിലും അമ്മയോടുള്ള ഭക്തി അതിശക്തമായിരുന്നു; എന്തെന്നില്ലാത്ത ഒരു തരം വിധേയത്വം.

സാമർത്ഥ്യമെങ്ങുനിന്നെങ്ങു
വളർന്ന മാതൃ
പ്രേമപ്രകർഷ നിലയെങ്ങു
നിസർഗ്ഗരമ്യം;

എന്നതാണു് യുവാവിന്റെ ആദർശം.

സംഘിതാമലപ്രണയമാണ്ട
തദീയ മാന്യ
മാതാവിനെ ക്ഷണവുമെങ്ങിനെ
താൻ മറക്കും!

ശ്രീതാവു മക്കഴലിണയ്ക്കു നമിക്ക
യാണെൻ

ജാതാഭിമാനി പോക്കുവതിനൊരു
വിശിഷ്ടമാർഗ്ഗം.

സുന്ദരിയും ധനികയും ആയ ഒരു അഭിജാത യുവതി യുവാവിനോടു പ്രണയാഭ്യർത്ഥന നടത്തിയപ്പോഴും അമ്മയുടെ ഹിതമനുസരിച്ചു് മറ്റൊരാളെ വിവാഹം ചെയ്യാൻ താൻ തീരുമാനിച്ച കാര്യം മാന്യമായ രീതിയിൽ വെളിപ്പെടുത്തുകയാണു് തന്റെടക്കാരനായ യുവാവു്. യുവതിയുടെ ഭർത്തൃപദം സ്വീകരിക്കാൻ താൻ തയ്യാറില്ലെങ്കിലും സഹോദരനെന്ന നിലയിൽ അവളെ സ്നേഹിക്കാൻ തയ്യാറാണെന്ന വസ്തുത ആ ധീരയുവാവു് വെളിപ്പെടുത്തുന്നു.

നാനാഗ്രഹണം പെടുമൊരുത്തമ
യോഷ, രാഗ
ശ്രീനാട്ടിടട്ടെ തവ മാനസ
ഭ്രവിലെന്നും
ഈ നാരിതാങ്കളുടെ മാന്യസഹോദ
രീത്വ—
സ്ഥാനാപ്തി കൊണ്ടിതു മുതല്ല
കൃതാത്ഥതന്നെ

ഇവിടെ ധീരവശം കാട്ടിയതു യുവാവോ, യുവതിയോ എന്നു തീർത്തു പറയാൻ എനിക്കു ധൈര്യമില്ല. ഇരുപേരും യഥാർത്ഥത്തെ മാന്യമായി അംഗീകരിയ്ക്കാൻ തന്റേടം കാട്ടി എന്നു് അഭിമാനം കൊള്ളാനേ നിവൃത്തിയുള്ളൂ.

വള്ളത്തോളിന്റെ 'രാധയുടെ കൃതാർത്ഥത' എന്ന കവിത ഇതിലേക്കു പ്രേരകമായിട്ടുണ്ടോ എന്നു ഞാൻ അന്വേഷിച്ചിട്ടില്ല. പത്തിരുപത്തിനാലു ശ്ലോകങ്ങളിൽ അവതരിപ്പിക്കുന്ന സംഭവം ദരിദ്രയുവാവിന്റേയും ധനികയുവതിയുടേയും ഭാവഭേദങ്ങളും സംഘരിപ്പിക്കുന്നതിൽ വിജയിച്ചിട്ടുണ്ടു് എന്നു് എനി

പ്രഗതി

ക്കു് ബോധ്യമായിട്ടുള്ള വസ്തുതയാണു്. ചിന്താഗ്രസ്തനായി വർത്തിക്കുന്ന യുവാവിനെ അവതരിപ്പിച്ചു കൊണ്ടാണു് കവിതയുടെ തുടക്കം.

പാരിക്കു മാധവൊട്ടു ചാരുക
സേലയൊന്നിൽ
ചാരിക്കിടന്നു മിഴിപാതിയടച്ചടങ്ങി
ദ്ദോരിപ്രസന്ന മുഖമൊട്ടു ചരിച്ചു
ചിന്താ-
വാരിത്തിരയ്ക്കുടിയി ലേകനിതാ
കിടപ്പു
സന്താളമായവപുമാൻ നെടുവീർപ്പി
നാൽ ത്താൻ
എന്താന്ന ചിന്തയുടെ രൂക്ഷത
ചൊല്ലിടുന്ന
കയ്ത്താരിലുള്ള കടലാസ്സിലിട
യ്ക്കിടയ്ക്ക
നൻത്താമരാക്ഷി മുനചെന്ന
പതിച്ചിടുന്ന.

അമ്മയുടെ കത്താണ്. അതിനെ അവഗണിക്കുന്ന പ്രശ്നമില്ല എന്നു ആത്മഗതമായി പറഞ്ഞുപോകുന്ന സമയത്താണു് ധനികയുവതി അകവാതിൽ തള്ളിത്തുറന്നു് രംഗത്തു് വരുന്നതു്. നോക്കുക:

ആ മാന്യനിതുയ മുരക്കവെ,
വാതിൽ തള്ളി—
പ്പൂമാതിനൊക്കുമൊരു നാരി
കടന്നുവന്നു;
സോമാരിരാമ മുഖമൊട്ടുകനിച്ചു,
ഗാഢ
പ്രേമാർദ്രലോചന മെറിഞ്ഞു
പറഞ്ഞു തനവി.

"എന്നാര്യ! ഞാനബല ചെയ്തതൊ
രക്രമംതാ—
നെന്നാലുമായതു പൊറുക്കുക
മാന്യബുദ്ധേ!
ഒന്നായ്ക്കരംക്കുക മെറിഞ്ഞു
പുകഞ്ഞകത്തു
മെന്നാടലൊട്ടു പറയാനനുവാദ മേകൂ'

അതിനനുവാദം കിട്ടിയശേഷം മാത്രം തനവി പറയുന്നതും ശ്രദ്ധിക്കൂ!

ചൊന്നാളുപാംഗമനചാട്ടി,
മനോജ്ഞമന്ദ—
മെന്നാധിയങ്ങയൊട്ടു ചൊല്ലുവതെ
ങ്ങിനേ ഞാൻ!
എന്നാലുമെന്തുഗതി?നിൻമുഖ
മെയ് വിലാസ
മിന്നാരിതൻ പെരിയ ധൈര്യ
മുടച്ചുവിട്ട.

വാതിൽപ്പാളി തള്ളിത്തുറക്കലും അതു് പുമാതിനൊത്ത നാരിയാണെന്നു് പ്രസ്താവിക്കലും എത്ര സന്ദർഭോചിതമായിരിക്കുന്നു! യുവാവു് തന്റെ തീരുമാനം നിസ്സങ്കോചം തുറന്നു പറയുന്നു.

കയ്യിൽക്കിടന്ന കടലാസ്സു
നിവർത്തു നാരി—
ക്കയ്യിന്നു നേർക്കടനെയപ്പുരുഷൻ
തിരിഞ്ഞു.
നിയ്യിത്തരം പറകയില്ല
കടുത്തതാപ-
ത്തിയ്യിൽപ്പൊരിഞ്ഞു
മമഃദ്യസ്ഥി തെല്ലറിഞ്ഞാൽ;
ശ്രീനാവു മാര്യസതി! കാൺക
ദരിദ്രയാമെൻ
മാതാവയച്ച ചെറുകത്തിതു
ശോചനീയം;
നീതാദൃശസ്ഥിതിയിലല്ല—
വളർന്ന രോഗ്യ
ശ്രീതാങ്ങു മേകനുടെ മാറണി
മാല മേലിൽ
നൈരാശ്യമാണ്ട മിഴി
തെല്ലുകലങ്ങി, മന്ദ-
സ്മേരാനനം ബതു വിളുത്തു,
വിറച്ചുഹോ.

സംഘാരാമോം ചട്ടല
ചില്ലിവളഞ്ഞു, പൂമെയ്
ത്താരാകമാനമൊരുപോലെ
വിയർപ്പണിഞ്ഞു

ഇത്രയും പ്രതികരണം ധനാഢ്യയുവതിയിലുണ്ടായെയെപ്പോഴാണ് തന്റെ സഹോദനിർവ്വിശേഷമായ സ്നേഹംകൊണ്ട് അവം തല്ലാലം സംതൃപ്തയാകണമെന്ന ഇംഗിതം യുവാവു വെളിപ്പെടുത്തുന്നതു്. സ്നേഹത്തിലെ സഹോദരസ്നേഹഭാവം ആവിഷ്കരിച്ചതെത്ര മംഗിയായിരിക്കുന്നു!

കടത്തനാട്ട് കൃഷ്ണവാരിയരുടെശിഷ്യയായ മാധവി അമ്മയ്ക്ക് 60വയസ്സ് തികയുന്ന ഘട്ടത്തിൽ എന്നെ പറയട്ടെ. 1976ലെ 'മലയാളനാട്' കവിതാ അവാർഡ് കണിക്കൊന്ന എന്ന കവിതാ സമാഹാരത്തിനു ലഭിച്ചിട്ടുണ്ടായിരുന്നു. കാവ്യോപഹാരം, ഗ്രാമശ്രീകം, ജീവിത തന്ത്രക്കം എന്നിങ്ങനെ വേറെയും കവിതാ സമാഹാരം അവരുടേതായി മകെരളിയ്ക്ക ലഭിച്ചിട്ടുണ്ട്. നിർഭാഗ്യമെന്നു പറയട്ടെ, അവ ഒന്നുംതന്നെ കിണാനുള്ള ഭാഗ്യം എനിക്കില്ലാതെ പോയി. അവിടെയും ഇവിടെയുമായി വീണുകിട്ടിയ ചില കവിതകളം വെച്ചു തന്നെ ഞാനിത്രയും ആകർഷിക്കപ്പെട്ട എന്നേ അതേപ്പറ്റി പറയുന്നുള്ളു.

രാമായണകഥ ടി. വിയിൽ വരുന്ന കാലമാണല്ലോ ഇതു് രാമകഥാസ്പർശിയായ ഒന്നു രണ്ടു പദ്യങ്ങളം വായിക്കുവാൻ എനിക്കു സംഗതി വന്നിട്ടുണ്ട്- ഒന്നു 'താരയുടെ നയം' എന്നതാണു്. രാമ സുഗ്രീവ സഖ്യമനുസരിച്ച് സുഗ്രീവൻ പ്രതിജ്ഞാബദ്ധനാണല്ലോ സീതാന്വേഷണകാര്യത്തിൽ ഉറ്റ ശ്രമിക്കാൻ. പാലംകടക്കുവോളം നാരായണപാലം കടന്നാൽ കൂരായണ'എന്നു പറഞ്ഞുകൂടെകിലും തവകാശങ്ങളം സാധിച്ചപ്പോളം ചുമതല വിസ്മരിച്ചുപോയിയെന്നു മാത്രം. ലക്ഷ്മണൻ ക്രുദ്ധനായി ശേഷം ദഹാദിക്കാൻ കിഷ്കിന്ധയിലേക്ക് ചെല്ലുന്നതിന്റെ ഭീകര സ്വഭാവമറിഞ്ഞ സുഗ്രീവൻ അടിമുടി വിറച്ചുപോയി.

കടത്ത ധീരാശയരും നടുങ്ങിടാൻ
മിടുക്കെഴും മട്ട മുഴങ്ങി മാറൊലി,
അടുത്തടുത്തെത്തുമൊരു ഗ്രനിസ്വനം
കൊടുത്തു സുഗ്രീവനു ഭീതി
യെത്രയും

കാര്യത്തിന്റെ വിശദാംശങ്ങളറിയാൻ വാനര സൈന്യത്തെ നാലുപാടും വിട്ടു. അവർ റിപ്പോർട്ട് സമർപ്പിക്കുന്നു.

തടിച്ചനീണ്ടുള്ള വലം കരത്തിനാൽ
ചൊടിച്ചവൻ വില്ലു വലിച്ചു
സാരവം
മടിച്ചിടാതി ഭുവന ത്രയത്തെയും
മുടിക്കുവാനോ തുടരുന്ന നിർഭയം.

ഭീകരാകാരനായി വരുന്നതു ലക്ഷ്മണൻ തന്നെയാണെന്നു ഹനുമാനിൽ നിന്നു മനസ്സിലാക്കിയ സുഗ്രീവൻ താരയെ നിയോഗിക്കുകയാണ് അനുനയവാക്കുകളം പറഞ്ഞു ലക്ഷ്മണനെ ശാന്തനാക്കുവാനായിട്ട്. എനിക്കു കാവ്യാസ്വാദന ശേഷികുറവായതുകൊണ്ടോ എന്തോ സ്ത്രീത്വ സംബന്ധിയാണെങ്കിലും ആ ആശയത്തോട് ഇണങ്ങിപ്പറ്റാൻ കഴിഞ്ഞില്ല.

അഹല്യ ദ്രൗപതി സീത
താര മണ്ഡോദരീ തഥാ

എന്നിവ പഞ്ച കന്യകമാരാണല്ലോ. അവരിലൊരാൾക്ക് ഇത്തരം നിയോഗം ഭർത്താവിൽ നിന്നു കിട്ടുക, അതനുസരി

ച്ച് പ്രവർത്തിക്കുക-ഈ ആശയം എന്റെ മനസ്സിനിണങ്ങിയില്ല. താരയുടെ പോക്കുവരവിരിക്കുന്നുണ്ട്.

സ്നേഹം കുളുങ്ങുംപടി നൃത്ത മാടിയും
മനം മയങ്ങും പടി പാട്ടു പാടിയും
വിനമ്ര ഗാത്രീമണി വന്നിടും വിധൗ
മനം കുളുങ്ങാതിദ മോർത്തു ലക്ഷ്മണൻ

ഭയത്തൊടത്യാകുല മാകുവിപ്പുരാൽ
സ്വയത്തൊടുണ്ടേ, കവരുന്നനിർഭയം
മയങ്ങിയിന്നമ്മെ വശീകരിക്കുവാ-
നയച്ച താവാമിവളെ കപീശ്വരൻ.
തനിച്ചുതാ, നാടി വരുന്നൊരുന്നത-
സ്നേഹിക്ക ചേരുന്ന ധീരസത്ത്വം
എനിക്കെതുമ്പും-രഘുവീര വംശ്യനായ്
ജനിച്ച ഞാൻ കഷ്ട!
മധീരനാകുമോ?

സ്ത്രീത്വത്തിനു അങ്ങിനെ ഒരു ഭാവം നടിക്കേണ്ട ഗതികേടിന്റെ സാധ്യത ഞാൻ ചോദ്യം ചെയ്യുകയല്ല. രാമകഥാസ്പർശിയായ മറ്റൊരു പദ്യം എന്റെ രക്ഷയ്ക്കെത്തി, മാധവി അമ്മയുടേതായിട്ട്. 1934 ഒക്ടോബർ 22 ന്റെ 'മാതൃഭൂമി' ആഴ്ചപ്പതിപ്പാണ് ആ കവിത എനിക്കു സല്ലരിച്ചതു്; 'പഴയരംഗം' എന്നതാണു തലക്കെട്ട്. ഉത്തരരാമായണ ഭാഗത്തു നിന്നെടുത്ത ഒരു ദൃശ്യം ആശ്രമമുറ്റത്തുള്ള പൂത്തമാവിൻ ചോട്ടിൽ സീത പൂവ്വുകാലസ്മരണകം അയവിറക്കുകൊണ്ടു ഇരിപ്പാണ്.

ദേവി ചിന്തിച്ച രാമന്റെ
ഭാവ സുന്ദരമാം മിഴി

പാവമപ്രേമ സാമ്രാജ്യ
ജേതാവിൻ കൊച്ചുപഞ്ചിരി
കല്ലിലും മുള്ളിലും കാട്ടി-
ന്നുള്ളിലും മഴ വെയ്ലിലും

എങ്ങും തനിക്ക് കൊട്ടാരം
നിർമ്മിക്കും നർമ്മ ഭാഷണം

X X X

കടലും കായലും താണ്ടി
പ്പടവെട്ടിപ്പിടിച്ചഹോ
നേടി, താനായ രത്നത്തെ
ചൂടി രാമൻ രഘൂത്തമൻ
പ്രേമത്തിൽ മാറ്റുരക്കേണ്ട
മാമാതിരി ദശാശം
പിന്നിട്ട പിന്നെയെന്തിന്നായ്
നിന്നുപോയ് ചിന്തതൻശതം

സൂര്യാസ്തമനത്തോടുകൂടി പെട്ടെന്ന് ഏതോ കരണത്താൽ ചിന്തകൾക്കു തടസ്സം നേരിട്ട. സന്ധ്യക്കശേഷമുള്ള പ്രകൃതി ദൃശ്യം വർണ്ണിച്ചതുനോക്കുക.

ഇരുളിൽ തിരകൈകളിൽ
ചുരുളും വിപിനാന്തരം
തരുവും തളിരും താരും
തിരിയാതൊറ്റയായിതേ
നിലയാ-ചക്രവാളാഗ്രം
നാലുപാടും ഭയങ്കരം
ജീവജാലം പുരോമാഗ്രം
തടയും നാല ഭിത്തിയായ്

തടസ്സങ്ങളെ വകവെക്കാതെ ചിന്തകൾ മനസ്സിൽ നീറിപ്പിടിച്ചു. സൂര്യൻ അപ്രത്യക്ഷമായതോടുകൂടി സൂര്യവംശജനായ തന്റെ ഭർത്താവിന്റെ അസാന്നിധ്യം കൂടുതൽ അനുഭവപ്പെട്ടതുകൊണ്ടോ എന്തോ സ്ത്രീസഹജമായ പ്രതിഷേധ സ്വഭാവ

മായി ചിന്തകരംക്ക്.

പുല്ലിലും പുഴവക്കത്തും
പൂത്ത കാനനഭൂവിലും,
പുലരും പ്രണയോദാര
വികാരങ്ങളം നരന്നഹോ!

x x x

ഒന്നാമതായ് പിറക്കുന്ന
നന്ദനന്റെ മുഖാംബുജം
ആദ്യമായങ്കുരിച്ചീട്ട
മവനെറ ചെറുപുഞ്ചിരി
ഇവയേക്കാളം പ്രിയം തോന്നാ–
മഭിമാനി നരന്നഹോ
രാജപ്രൗഢിതൻ മിന്ന–
ലാളംകൺകോണിളക്കലിൽ.

അപ്പോഴേക്കും മേഘിയുടെ കണ്ണുകൾ പൊത്തുകയാണ് രണ്ട് ഓമനക്കയ്യുകൾ

പൊന്നോമന കൈവെടിർത്തി
ചുംബിച്ചാളമ്മ കുഞ്ഞിനെ
പുത്തനാം പൂവിനെക്കാറ്റിൽ
മുത്തുന്ന ലതപോലവേ
ആശതൻ ചെറു നാളങ്ങ–
ളാകാശത്തിൽ സ്ഫുരിക്കവേ
ആശ്രമത്തിന്റെ മുറത്തു
മുഴങ്ങി രാമകീർത്തനം

കുഞ്ഞുങ്ങളോടുള്ള വാത്സല്യാതിരേകം സ്ത്രീത്വത്തിന്റെ മുഗ്ധഭാവങ്ങളിൽ പവിത്രത മുറ്റിയതാണ്, സംശയമില്ല. ഇത് ആശാന്റെ ചിന്താവിഷ്ടയായ സീതയുടെ അനുകരണമാകാം, അല്ലെന്നും വരാം. കാരണം ചിന്താവിഷ്ടയായ സീത പ്രകാശിപ്പിക്കപ്പെടുന്നതിനു നാലുവർഷം മുമ്പു കവനകൗമുദി പംക്തികളിൽ വന്ന ഒരു താരതമ്യകൃതിയുണ്ട്– അശോക വനികയിലെ സീത, ആലത്തൂർ അനുജൻ നമ്പൂതിരിപ്പാട്ടിലേതായിട്ട്. കുഞ്ഞുങ്ങളോടുള്ള വാത്സല്യത്തിന്റെ മുഗ്ധഭാവം പ്രകടമാക്കുന്നിടത്തും മാധവി അമ്മ പിറകോട്ട് പോയില്ല.

സ്ത്രീത്വത്തിന്റെ കവയിത്രിയാണ് മാധവിഅമ്മ എന്നുപറഞ്ഞുവല്ലോ. 1936 മാതൃഭൂമി വിശേഷാൽ പ്രതിയിൽ മാധവിഅമ്മ ചേർത്ത കവിതയുടെ ശീർഷകം തന്നെ 'സ്ത്രീത്വം' എന്നായിരുന്നു.

ലാവണ്യപ്പൂന്തോപ്പിൽ പൈമ്പനീർ
പ്പൂവുനീ,
സൗജന്യശീലത്തിലൗദാര്യം നീ,
ജീവിതപ്പോരിലെ പ്രേരണാ
ശക്തിനീ,
മോഹി തെളിയിക്കും ദീപികാ നീ,
വാത്സല്യവായ്പു നീ,
വാസുവിക ക്ഷമാ–
വാഡ്മിനി വാക്കിന്നതീതയത്രേ.

ഇത്തരം നിന്ദാസ്തുതികൾ പൊഴിക്കുന്നതിൽ ലോകം ഒരിക്കലും അലംഭാവം കാട്ടിയിട്ടില്ല. Shakespeare has no heroes; only heroins എന്നെല്ലാംഭംഗിവാക്കുകൾ പറഞ്ഞതിൽ കാര്യമില്ല ഇതെല്ലാം ഏട്ടിലെ പശുവാണ് പുല്ലുതിന്നില്ല പാല് തരുകയുമില്ല. യാഥാർത്ഥ്യം അവർ വെളിപ്പെടുത്തുന്നു.

മുട്ടപടത്തിൽ വലഞ്ഞു മറഞ്ഞനിൻ
ചുട്ടുള്ള നൈരാശ്യ നിശ്വാസങ്ങൾ
കോടാനുകോടി വരിഷമായ് പുരുഷ
കോടിയിൽ ശാപം പൊഴി ക്കയത്രേ–
അന്തഃപുരത്തിന്റെ നാലുചുമരിലു–
മുന്തിയും തള്ളിയും പെച്ചുരഞ്ഞു
വന്തപ്പബാഷ്പം തുടച്ച മലിനമാ–
നിങ്കരവല്ലികളല്ലി പാവം!

പഴയ മാതൃഭൂമി ലക്കങ്ങളോടും കേളപ്പജിയോടും മറ്റുമുള്ള അടുപ്പം കാരണമാകാം 'ബ്രഡ് ലേബർ' എന്ന ആശയത്തെ പ്രകടമാക്കുന്ന ചില കവിതകളും ദേശീയ

ത്വത്തിന്റെ വശം ചേർന്നു് മാധവി അമ്മ എഴുതിയിട്ടുണ്ടു്. 'തന്റെ വസ്തു'' (1958 നവംബർ മാതൃഭൂമി) എന്നതു അത്തരത്തിലുള്ള ഒന്നാണു്. കസവുമുണ്ടും മൽമൽമുണ്ടും കൂട്ടുതൽ ആകർഷകമാകാം മനുഷ്യ പ്രയത്നം കൊണ്ടു ഉപ്പുപാടിപ്പിച്ച അപ്പത്തിനു അതിനേറെയായ വൈശിഷ്ട്യമുണ്ടു് എന്നു് ഖാദിയെ മുൻനിർത്തി വിവരിക്കുന്ന കവിതയാണതു പരുക്കൻ മുണ്ടുചുറ്റി പോകുന്നതു ദൈന്യതയായി കരുതുന്നവരോടു പറയുന്നു.

അന്യന്റെയധ്വാനത്തെ
യിരന്നുവാങ്ങിടുവാൻ
എന്നിളംകൈഞെരിത്തു
ഭീരുവോ വരാകിയോ?
ഇങ്ങൊണം വിഭവങ്ങ
ളാരാന്റെ മുതലത്രേ
നില്ലുനീ നിൻ കാലിങ്കൽ
ശ്രമിക്ക, പ്രയത്നിക്ക.
താൻ വിതച്ചതേ കൊയ്യൂ
താനെന്നീ നിയമത്തിൽ
നീതികേടില്ലാ നീ
യതറിയും ക്രമത്തിനാൽ
നിറഞ്ഞ ഭണ്ഡാഗാരം
നിനക്കായ് കിടപ്പുണ്ടു്
പരന്ന കണ്ണീർപ്പുഴ
കടക്കും, പ്രയത്നിക്ക!

ഇത്തരം സോദ്ദേശ കവിതകളും വസ്തുത്തിന്റെ മറവിൽ സ്ത്രീത്വത്തെ ഫലത്തിൽ അവഗണിച്ചില്ലേ എന്നു കൂടി തോന്നിപ്പോയി. പ്രാകൃതിക ദൃശ്യങ്ങളും കൂടി സങ്കല്പത്തിന്റെ ശൈലിയിൽ ഭംഗിയായവതരിപ്പിക്കാൻ കഴിഞ്ഞു എന്നതാണു് സവ്വപ്രധാനം. അന്നനട വൃത്തത്തിൽ ''പ്രണിതഹൃദയം'' എന്നൊരു കവിത മാതൃഭൂമി 1933 വിശേഷാൽ പ്രതിയിൽ വന്നതു നല്ല ദൃഷ്ടാന്തമാണു്. വസന്തകാലത്തു കാറ്റിലുലയുന്ന പുഷ്പത്തെ നോക്കി തളിരു ചോദിക്കുന്നതായിട്ടാണു് പ്രമേയാവതരണം.

നെടുവീർപ്പാം കാറ്റിലുലയും
പുഷ്പത്തെ
തടവിക്കൊണ്ടേവം തളിരു
ചോദിച്ചു
വസന്തകാലത്തിൽ നറും
പുലരിയിൽ
പ്രസന്നമാം പാരിൽ വിശാല
വക്ഷസ്സിൽ
ഇളംകതിരോന്റെ കളഭം പൂശലിൽ
ലളിതവാതനിൻ വിലോല
ലീലയിൽ
മനോജ്ഞ ബാല്യത്തിൽ മധുര
സ്വപ്നത്തിൽ
മധുസ്മിതം ചേർന്നു വിടർന്ന
പുഷ്പമേ?

പുഷ്പത്തിന്റെ മുഖമെന്തേ പെട്ടെന്നു വിളർക്കാൻ എന്നു് തളിരു തുടർന്നു ചോദിക്കുന്നു ഇരുപത്തിനാലുകാരിയായ കവിയിത്രിയുടെ ഭാഷയാണിതു്. തളിരും പുഷ്പവും ബാല്യകാല സഖികളാണു്. അതുകൊണ്ടു് തന്റെ സുഖാസുഖ സ്ഥിതിയുടെ രഹസ്യങ്ങളും തുറന്നു പറയാൻ മടിക്കില്ല എന്നു് പുഷ്പം പ്രതികരിക്കുന്നു. രാത്രിയിലെ ചന്ദ്രോദയവും പകലോന്റെ പ്രഭാത കാന്തിയും ഒന്നുപോലെ കാണുന്നുണ്ടു്. അല്പം ചിന്തിച്ചശേഷം പനിനീർപ്പൂവു് തന്റെ അന്തർഗതം വെളിപ്പെടുത്തുന്നു.

പുലർകാല രശ്മിസ്പർശമേറ്റാണു് താൻ കണ്ണുതുറന്നതു്. അതോടുകൂടി പുതിയ ഒരു ലോകവുമായി പരിചയപ്പെടുന്നു. അധികം താമസിയാതെ ആദിത്യകിരണങ്ങളും ചണ്ഡങ്ങളായി മാറുന്നു. ഉച്ചച്ചൂടു സഹിക്കാൻ വയ്യാതാവുമ്പോഴാണു് മുഖം വിളർത്തുപോകുന്നതു് പക്ഷേ

മനസ്സിനെ ആ ദുഃഖം ബാധിക്കുന്നില്ല എന്നുമാത്രം. ഇതുയും പറഞ്ഞപ്പോഴേക്കും തളിരും പൂവിനെ വാരിപ്പൊത്തിക്കാറിന്റെ ഗതിയിൽ ഒന്നിച്ചിളകുകയായി.

തളിരുടൽ പൊത്തിപ്പിടിച്ചപൂവിനെ
തെരുതെരെ വീണീതിരുവരും
കാറിൽ

സ്ത്രീത്വത്തിനു പ്രായോഗിക ജീവിത്തിൽ വന്നുപെടുന്ന അപകർഷത്തെയാണ് 1934 ലെ മാതൃഭൂമി വിശേഷാൽ പ്രതിയിൽ വന്ന "രാഗ രാഗം" എന്ന കവിത സൂചിപ്പിക്കുന്നതു്. അടുക്കളപ്പണിയായി കഴിയുന്ന ബാലികയ്ക്കു് തന്റെ കവട കാമുകനെ പ്രീണിപ്പിക്കാൻ ഏതേതെല്ലാം അനുനയവാക്കുകളും പറയേണ്ടിവരുന്നു, കേൾക്കേണ്ടിവരുന്നു!

തുടർന്നു കവയിത്രി ഒരു പ്രശ്നമുന്നയിക്കുന്നു: സ്ത്രീത്വത്തിനു ലോകത്തിൽ നാംപോക്കാൻഎന്തെന്തെല്ലാം അനുനയവാക്കുകളും പറയേണ്ടിയും ഏതെതെല്ലാം വേഷം കെട്ടേണ്ടിയും വരുന്നു എന്നു്.

പൂതമാം സ്ത്രീത്വമേ! ജീവിതസൗന്ദര്യ
പൂവിട്ട പുത്തൻ പുലരിയിങ്കൽ
വീതവികാരമായ്
വില്പപ്പെടുന്നു നീ
യേതൊരു കാമത്തിനടിമയായി.

അടുക്കളക്കാരിയുടെ അഭിമാനം" എന്നൊരു ചെറുകഥ ശ്രീ. സി അച്യുതമേനോൻഎഴുതിയിരുന്നു മാതൃഭൂമിയിൽ. ഇതേ ആശയം ഉൾക്കൊള്ളിച്ചുകൊണ്ടു് മാധവിഅമ്മ ദുഃഖത്തോടെ പറയുകയാണു് സ്ത്രീത്വത്തിന്റെ രക്ഷയ്ക്കു നിശ്ചയിച്ച നിബന്ധനകളും ദ്രോഹകരമായി അനുഭവപ്പെടുകയാണെന്നു്.

(മനം പറഞ്ഞുപെച്ചതു്)

അടിമത്തമല്ല പാവനത്വത്തിന്റെ പാരമ്യമാണു് ഉദ്ദിഷ്ടമെന്നതു് വിസ്മരിക്കുന്നതിലാണു് അവരുടെ പ്രതിഷേധം. അതിനെതിരായാണു് അവർ സിംഹനാദം മുഴക്കിയതു്.

അന്യന്റെ ചിന്തക, ളന്യന്റെ
ശോകങ്ങ–
ളിന്നു മുതൽ നിനക്കാവരണം
നിശ്ചയം. നിന്റെതായൊന്നു
മില്ലാത്തൊരു
പിച്ചക്കാരത്തി നീ നാരിത്വമേ!

ഈ ദുസ്ഥിതിയ്ക്കെതിരായി ശബ്ദമുയർത്തിയ സാഹിത്യത്തറവാട്ടിലെ മുത്തശ്ശിയെയാണു് നാമിന്നാദരിക്കുന്നതു്.

(ശ്രീമതി കടത്തനാട്ടു് മാധവിഅമ്മയെ ആദരിച്ചു് മെയ് 22-ാംനു തപസ്യ വടകരയിൽ ഒരുക്കിയ കവിപൂജയിൽ ലേഖകൻ അവതരിപ്പിച്ച പ്രസംഗം)

